# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

17-02-2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T2162

## അതിവേഗ റെയിൽപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന അതിവേഗ റെയിൽപാതയുടെ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ആരാണ് സമർപ്പിച്ചിരിക്കുന്നത് ;<br><br>(സി) പദ്ധതി നടപ്പിലാക്കുന്നതു കൊണ്ട് കുടിയൊഴിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടോ ; ഇതു സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ ; കോട്ടയം ജില്ലയിൽ സർവ്വേ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; | (എ) (ബി) & (സി) അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് DMRC തയ്യാറാക്കി വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശദ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ. |
| (ഡി) അതിവേഗ റെയിൽ പദ്ധതിയുടെ നിലവിലുള്ള റൂട്ട് വ്യക്തമാക്കാമോ ; നിലവിലുള്ള പാത ഇരട്ടിപ്പിക്കലിനെ ഇത് ബാധിക്കുമോ ; നിലവിലെ പാത ഇരട്ടിപ്പിക്കൽ ജോലികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഡി) അതിവേഗ റെയിൽപ്പാത നിലവിലുള്ള റെയിൽപാതയുടെ കിഴക്കു ഭാഗത്ത് ജനസാന്ദ്രത കുറഞ്ഞ മേഖലയിൽ കൂടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. നിലവിലുള്ള റെയിൽവേയുമായി ഈ പദ്ധതിക്ക് ബന്ധമില്ല. |

സെക്ഷൻ ഓഫീസർ